LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രഖ്യാപനം നടത്തുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം വിശദമാക്കാമോ?

(ബി-ഡി) ഇന്ത്യൻ തെളിവ് നിയമത്തിന്റെ വകുപ്പ് 108 പ്രകാരം സിവിൽ മരണത്തിന്റെ അനുമാനം എന്നത് സാധാരണയായി ഏഴ് വർഷം കഴിയുമ്പോഴാണ്. എന്നാൽ ദുരന്ത പ്രതികരണനിധിയിൽനിന്നും സഹായം ലഭിക്കുവാനും മറ്റും കാണാതായ വ്യക്തികൾ മരണപ്പെട്ടതായി കണക്കാക്കാറുണ്ട്. ഇതിനായി പോലീസും റവന്യൂ വകുപ്പും സംയുക്തമായി സ്ഥലത്ത് പരിശോധന നടത്തി മരണപ്പെട്ടതായി കരുതുന്ന വ്യക്തികളുടെ കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ എന്നിവരോട് സംസാരിച്ച് ഓരോ വ്യക്തിയേയും സംബന്ധിച്ച തീരുമാനം കൈക്കൊണ്ട് ദുരന്ത നിവാരണ വകുപ്പിന് ശിപാർശ ചെയ്യും. പ്രസ്തുത ശിപാർശ ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരും ഇന്റലിജൻസ് എ.ഡി.ജി.പി., നിയമ വകുപ്പുസെക്രട്ടറി, ജില്ലാ കളക്ടർ, ജില്ലാ പോലീസ് മേധാവി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ മെമ്പർ സെക്രട്ടറി എന്നിവരടങ്ങുന്ന സമിതി പരിശോധിച്ച് തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്. ഈ തീരുമാന പ്രകാരം നിയമപരമായ പിന്തുടർച്ചക്കാർക്ക് SDRF/CMDRF/PMNRF സഹായം, മറ്റ് സർക്കാർ സഹായങ്ങൾ തുടങ്ങിയ ആവശ്യങ്ങൾക്ക് വ്യക്തി മരണപ്പെട്ടതായി കണക്കാക്കുവാനാണ് അനുമതി നൽകുന്നത്.

റീബിൽഡ് കേരള പദ്ധതി

53 (3080) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഇതുവരെ അംഗീകാരം നൽകിയിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

(എ&ബി) ഇരിക്കൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തികൾ, അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.